പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2707 21/06/2012 ൽ മറുപടിയ്ക്ക്

## പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. എ. അഹമ്മദ് കബീർ** | **ശ്രീ. അടൂർ പ്രകാശ്** (റവന്യൂ വകുപ്പ്മന്ത്രി ) |
| (എ) താലൂക്കുകളുടെയും, വില്ലേജ് ഓഫീസുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളാണ് പുതുതായി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | **(എ) യും (ബി) യും**<br>സംസ്ഥനത്ത് നിലവിലുള്ള താലൂക്കുകളുടെയും, വില്ലേജുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ൽ ചേർത്തിരിക്കുന്നു.<br>താലൂക്ക് വില്ലേജ് പുനഃസംഘടന/ രൂപീകരണം സംബന്ധിച്ച് സർക്കാർ റവന്യൂ വകുപ്പും ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി 2007-ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രയോറിറ്റി ലിസ്റ്റ് പ്രകാരം 24 താലൂക്കുകൾ രൂപീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ അന്തിമതീരുമാനമെടുത്തിട്ടില്ല. |
| (സി) സംസ്ഥാനത്ത് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;<br>(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് പുതുതായി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | **(സി) യും (ഡി) യും**<br>ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നുണ്ട്. അതിൽ തീരുമാനമായതിനുശേഷം മാത്രമേ ഏതെല്ലാം വില്ലേജുകളാണ് പുതുതായി രൂപീകരിക്കുന്നതെന്നു വ്യക്തമാക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

## താലൂക്കുകളുടെയും, വില്ലേജുകളുടെയും ജില്ല തിരിച്ചുള്ള കണക്ക്.

| ക്രമ നം | ജില്ല | താലൂക്കുകളുടെഎണ്ണം | വില്ലേജുകളുടെഎണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 04 | 121 |
| 2 | കൊല്ലം | 05 | 104 |
| 3 | ആലപ്പുഴ | 06 | 91 |
| 4 | പത്തനംതിട്ട | 05 | 68 |
| 5 | കോട്ടയം | 05 | 95 |
| 6 | ഇടുക്കി | 04 | 64 |
| 7 | എറണാകുളം | 07 | 124 |
| 8 | തൃശ്ശൂർ | 05 | 254 |
| 9 | പാലക്കാട് | 05 | 156 |
| 10 | കോഴിക്കോട് | 03 | 117 |
| 11 | മലപ്പുറം | 06 | 135 |
| 12 | വയനാട് | 03 | 49 |
| 13 | കണ്ണൂർ | 03 | 129 |
| 14 | കാസറഗോഡ് | 02 | 127 |
| | ആകെ | 63 | 1634 (ഗ്രൂപ്പ്‌വില്ലേജ്ഉൾപ്പെടെ) |

Thulip